**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3926 | 21.06.2018 - ൽ മറുപടിക്ക്

## വിനോദസഞ്ചാര വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ഒ.ആർ. കേളു | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കാൻ പുതിയ റോഡുകൾ നിർമ്മിക്കുകയും നിലവിലുള്ളവ പുതുക്കുകയും ചെയ്ത് വിനോദസഞ്ചാര വികസനത്തിന് കുതിച്ചുചാട്ടമുണ്ടാക്കാനായുള്ള പദ്ധതികളുടെ മേൽനോട്ടത്തിന് മന്ത്രിതലസമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | എ) ഇക്കാര്യത്തിനായി മന്ത്രിതല സമിതി രൂപീകരിച്ചിട്ടില്ല. |
| ബി) ഓരോ 25 കിലോമീറ്ററിലും വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ച് വൻകുതിപ്പിന് ലക്ഷ്യമിടുന്ന സാഹചര്യത്തിൽ നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി | ബി) നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

പൂർത്തിയാകാത്ത പ്രശ്നം പരിഹരിക്കാനായി ശ്രദ്ധപതിപ്പിക്കുമോ;

സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

സി) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഓരോ സീസണിലും ടൂറിസ്റ്റ് കേന്ദ്രത്തിൽ അവശ്യം വേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ യഥാവിധി പൂർത്തിയാക്കി ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യ മാക്കുകയാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ വർഷം ഗ്രീൻ കാർപ്പറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ